# പള്ളികുദാശാക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായര്‍

മത്താ 12,1-13

ഈശോ ഫരിസേയരുടെ അടുത്ത് ചോദിച്ചു,
"നിങ്ങള്‍ കൈ കൂപ്പുമ്പോള്‍ മനസ്സും കൂപ്പാറുണ്ടോ?"
നീണ്ട നിശബ്ദതയ്ക്ക് ശേഷം ഈശോ അവരെ ഓര്‍മ്മപ്പെടുത്തി,
"ബലിയല്ല കരുണയാണ് ഞാന്‍ ആഗ്രഹിക്കുന്നത്!"

മതം
ഒരു വികാരമാകുമ്പോള്‍
മതനിയമങ്ങള്‍
ദൈവനിയമങ്ങളേക്കാള്‍
ശക്തമാകുന്നു...
പിന്നെ,
ഈ നിയമത്തിന് മുന്നില്‍
മറ്റെല്ലാറ്റിനെയും
നിശബ്ദമാക്കുന്നു...

''ബലിയല്ല കരുണയാണ് ഞാന്‍ ആഗ്രഹിക്കുന്നത്'' എന്ന് ക്രിസ്തു ഫരിസേയരെ ഓര്‍മ്മപ്പെടുത്തുന്നതിന്റെ ലക്ഷ്യം ഒന്നുമാത്രമാണ്. ബലിജീവിതം നിന്റെ ജീവിതത്തെ നയിക്കേണ്ടത് കരുണ നിറഞ്ഞ ജീവിത ശൈലിയിലേയ്ക്കാണ്. ''ഞായറാഴ്ച്ചകളിലും കടമുളള ദിവസങ്ങളിലും മുഴുവന്‍ കുര്‍ബ്ബാനയില്‍ പങ്കുകൊളളണം" എന്നുളള തിരുസഭയുടെ കല്‍പനയെ കാറ്റില്‍ പറത്തുന്നവര്‍ കടമെടുക്കുന്ന വചനഭാഗങ്ങളില്‍ ഒന്നാണ് ''ബലിയല്ല കരുണയാണ് ഞാന്‍ ആഗ്രഹിക്കുന്നത്" എന്നുളളത്. എന്നാല്‍, ക്രിസ്തു ഈ വചനഭാഗത്തിലൂടെ കൃത്യമായി ഓര്‍മ്മപ്പെടുത്തുന്നത് യഥാര്‍ത്ഥ ക്രൈസ്തവന്റെ ജീവിത ശൈലിയേയാണ്. ''വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്ഥി...." എന്നുളള ജപവും ജപിച്ച് പുറത്തേയ്ക്കിറങ്ങുന്നത് കരുണ നിറഞ്ഞ ജീവിതം സ്വന്തമാക്കാനാണെന്ന്. ചുരുക്കത്തില്‍, കരുണ നിറഞ്ഞ ജീവിതം സ്വന്തമാക്കാന്‍ നീ ആഗ്രഹിക്കുന്നുണ്ടോ, അതിനുളള ശക്തി സ്വന്തമാക്കേണ്ടത് ബലിയില്‍ നിന്നാണെന്ന്.

ആഴത്തിലുളള ആത്മീയതയ്ക്കനുസരിച്ചേ വിളവ് സമ്മാനിക്കാന്‍ സാധിക്കൂ. ജപ്പാനില്‍ ഭൂമി കുലുക്കമുണ്ടായ സമയത്ത് സംഭവിച്ച ഒരു സ്നേഹനിധിയായ അമ്മയുടെ ത്യാഗത്തിന്റെ കഥ. ഭൂമി കുലുക്കമുണ്ടായ ശേഷം, രക്ഷാപ്രവര്‍ത്തനം നടത്തുന്ന സൈനികര്‍ തകര്‍ന്നടിഞ്ഞ ഒരു വീടിനടുതെത്തി. ആ തകര്‍ന്നടിഞ്ഞ വീടിന്റെ അവശിഷ്ടങ്ങള്‍ക്കിടയിലൂടെ അവര്‍ ആ യുവതിയുടെ മൃതശരീരം കണ്ടു. പക്ഷെ അവളുടെ ആ കിടത്തത്തില്‍ അവര്‍ക്കെന്തോ ഒരു അസ്വാഭാവികത തോന്നി. മുന്നിലേക്ക് ചാഞ്ഞു നിലത്ത് നെറ്റി കുത്തികൊണ്ട്, ഒപ്പം അവളുടെ രണ്ടു കൈ കൊണ്ട് എന്തോ ഒന്നിനെ മാറോട് ചേര്‍ത്ത് പിടിച്ചത് പോലെ. തകര്‍ന്നടിഞ്ഞ വീടിന്റെ അവശിഷ്ടങ്ങള്‍ അവളുടെ മുതുകിലും, തലയിലുമായി ചിതറികിടക്കുന്നു.

റെസ്ക്യൂ ടീമിന്റെ ലീഡര്‍ ഒരു പാട് ബുദ്ധിമുട്ടികൊണ്ട് ചുമരിലെ ഒരു ചെറിയ വിള്ളലിലൂടെ കയ്യിട്ട് ആ സ്ത്രീയെ ഒന്നെത്തി പിടിക്കാന്‍ ശ്രമിച്ചു.അങ്ങനെ അദ്ദേഹം ചെയ്യുമ്പോള്‍ അദ്ദേഹത്തിന്റെ മനസ്സില്‍ ഒരു ചെറിയ പ്രതീക്ഷ ഉണ്ടായിരുന്നു. ആ സ്ത്രീ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന്.പക്ഷെ ,തണുത്ത് വിറങ്ങലിച്ച ആ ശരീരത്തില്‍ സ്പര്‍ശിച്ചപ്പോള്‍ അവള്‍ മരിച്ചു എന്ന് അവര്‍ക്ക് ഉറപ്പായി . ടീം ലീഡറും ബാകിയുള്ളവരും ആ വീട് വിട്ടു മറ്റു വീടുകളുടെ അവശിഷ്ടങ്ങള്‍കിടയില്‍ തുടിക്കുന്ന ഏതെങ്കിലും ശരീരം കിടപ്പുണ്ടോ എന്ന് തിരയാന്‍ തുടങ്ങി.പക്ഷെ, ഏതോ ഒരു കാരണം ആ ടീം ലീഡറെ മരിച്ചു പോയ ആ യുവതിയുടെ വീടിന്റെ അടുക്കലേക്ക് തന്നെ തിരിച്ചു പോകാന്‍ നിര്‍ബദ്ധിച്ചു. അദ്ദേഹം മുട്ട് കുത്തിനിന്ന് അവിടെ കണ്ട ഒരു ചെറിയ വിടവിലൂടെ കയ്യിട്ട് ആ ശരീരത്തിന്റെ അടിയില്‍ കണ്ട ചെറിയ സ്ഥലത്ത് തിരയാന്‍ തുടങ്ങി.പെട്ടെന്ന് ,അദ്ദേഹം ഉറക്കെ വിളിച്ചു പറയാന്‍ തുടങ്ങി,

"ഒരു കുട്ടി! ഇവിടെ ഒരു കുട്ടി ഉണ്ട്!"

എല്ലാവരും ഒരുമിച്ച് ശ്രമിച്ചു; ശ്രദ്ധയോടെ ആ സ്ത്രീയുടെ മുകളിൽ വീണു കിടക്കുന്ന കല്ലും മണ്ണും എടുത്തു മാറ്റി. അവിടെ ആ അമ്മയുടെ ശരീരത്തിനടയിൽ വെറും മൂന്നു മാസം മാത്രം പ്രായമുള്ള ഒരു പിഞ്ചു കുഞ്ഞ്, ഒരു കമ്പിളി പുതപ്പിൽ പുതച്ച് കൊണ്ട്. ആ അമ്മ തന്റെ ജീവൻ കൊടുത്ത് അവളുടെ മകനെ രക്ഷിക്കാൻ ശ്രമിച്ചിരിക്കുന്നു. അവളുടെ വീട് തകർന്നു വീഴുമ്പോൾ തന്റെ ശരീരം കൊണ്ട് തന്നെ തന്റെ മകനെ രക്ഷിക്കാൻ ശ്രമിച്ചു. ടീം ലീഡർ ആ കുഞ്ഞിനെ പോക്കിയെടുക്കുമ്പോഴും അവൻ ശാന്തമായി ഉറങ്ങുകയാണ്. കുട്ടിയെ ചികിൽസിക്കാൻ ഡോക്ടർ ഓടി വന്നു! കുട്ടിയെ പുതച്ച പുതപ്പ് തുറന്നപ്പോൾ ഡോകടർ ഒരു സെൽ ഫോൺ കണ്ടു. അതിന്റെ സ്ക്രീനിൽ ഒരു ടെക്സ്റ്റ് മെസ്സേജ് ഉണ്ടായിരുന്നു.

"രക്ഷപ്പെടുകയാണെങ്കിൽ നീ ഓർക്കണം ഞാൻ നിന്നെ ഒരു പാട് സ്നേഹിച്ചിരുന്നുവെന്ന് ("If you can survive, you must remember that I love you")."

ആ സെൽ ഫോൺ ഓരോരുത്തരായി കൈമാറി എല്ലാവരും ആ മെസ്സേജ് വായിച്ചു കരഞ്ഞു;

"രക്ഷപ്പെടുകയാണെങ്കിൽ നീ ഓർക്കണം ഞാൻ നിന്നെ ഒരു പാട് സ്നേഹിച്ചിരുന്നുവെന്ന്."

ബലിചൈതന്യത്തിന് ജീവൻ വയ്ക്കുമ്പോൾ കരുണയുടെ കരങ്ങൾക്ക് ചിറക് മുളയ്ക്കുന്നു! പ്രാർത്ഥനയില്ലാത്ത ജീവിതവും ജീവിതമില്ലാത്ത പ്രാർത്ഥനകളും വ്യർത്ഥമാണ്. കർത്താവ് സംഖ്യയുടെ പുസ്തകം ഉദ്ധരിച്ചുകൊണ്ട് പറയുന്നു; "സാബത്തു ദിവസം ഒരു വയസ്സുള്ള ഊനമറ്റ രണ്ട് ആൺചെമ്മരിയാടുകളെയും ധാന്യബലിയായി ഒരു എഫായുടെ പത്തിൽ രണ്ട് എണ്ണ ചേർത്ത നേരിയ മാവും അതിൻെറ പാനീയബലിയും അർപ്പിക്കണം" (സംഖ്യ 28,9). എങ്കിൽ, കർത്താവ് ബോധപൂർവ്വം ഈ വചനഭാഗത്തിലൂടെ ചൂണ്ടി കാണിക്കുന്നു, സാബത്തിനേക്കാൾ പ്രധാനപ്പെട്ടത് ബലിയാണ്. തുടർന്ന്, കർത്താവ് പറയുകയാണ് ഈ ബലിയേക്കാൾ പ്രധാനപ്പെട്ടത് കരുണയാണ്. കർത്താവിന്റെ തിരുമുമ്പിൽ എപ്പോഴൊക്കെ സാബത്തും - ബലിയും - കരുണയും കടന്നുവരുന്നുണ്ടോ അപ്പോഴൊക്കെ കർത്താവ് തിരഞ്ഞെടുക്കുന്നത് കരുണയാണ്.

നിയമങ്ങളെല്ലാം മനുഷ്യനുവേണ്ടിയാണ്... അതേസമയം, മനുഷ്യത്വത്തെക്കാളും വിലയുള്ള നിയമങ്ങൾ ഒന്നുമില്ലാ!

നല്ല സമരിയാക്കാരന്റെ ഉപമയിലേയ്ക്ക് നോക്കുക. കർത്താവ് പുരോഹിതനെയും ലേവായനെയും കുറ്റം വിധിക്കുന്നതിനുള്ള ഏക കാരണം സാബത്തിനെയും ബലിയേയും മുറുകെ പിടിച്ച് കരുണയെ ഉപേക്ഷിച്ചതു കൊണ്ടാണ്. ലക്ഷകണക്കിന് പുരോഹിതൻമാരാണ് ഈശോ നല്ല സമരിയാക്കാരന്റെ ഉപമ പറയുമ്പോൾ ജെറുസലേമിൽ ജീവിച്ചിരുന്നത്. എന്നാൽ, ബലിയർപ്പിക്കാനുണ്ടായിരുന്ന ഏക ഇടമോ, ജെറുസലേം ദേവാലയം മാത്രം. ജീവിതത്തിൽ ഒരിക്കൽ മാത്രം കിട്ടുന്ന അവസരമാണ് ജെറുസലേം ദേവാലയത്തിൽ ബലിയർപ്പിക്കുക എന്നുള്ളത്. ഈ അസുലഭ നിമിഷത്തെ അനുഗ്രഹപൂർണമാക്കാനാണ് പുരോഹിതനും ലേവായനും തിടുക്കത്തിൽ ജെറുസലേം ദേവാലയം ലക്ഷ്യമാക്കി യാത്ര ചെയ്തിരുന്നത്. അവരുടെ ഈ വഴിയാത്രയിലാണ് അർദ്ധപ്രാണനായി കിടക്കുന്ന സമരിയക്കാരനെ കാണുന്നത്. അവർ, "ബലിയർപ്പകൻ രക്തമോ, മൃതശരീരമോ സ്പർശിക്കരുത്" എന്നുള്ള നിയമത്തെ മുറുകെ പിടിച്ച്, സാബത്തിനെയും ബലിയേയും മുറുകെ പിടിച്ച് കരുണയെ കാറ്റിൽ പറത്തുന്നു. കർത്താവ്, നിശിതമായി ഇക്കൂട്ടരെ വിർശിക്കുന്നു.

"ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്. വ്യർഥമായി അവർ എന്നെ ആരാധിക്കുന്നു; മനുഷ്യരുടെ കൽപനകൾ പ്രമാണങ്ങളായി പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ കൽപന ഉപേക്ഷിച്ച്, മനുഷ്യരുടെ പാരമ്പര്യം നിങ്ങൾ മുറുകെപ്പിടിക്കുന്നു" (മർക്കോ 7,6 - 8).

ഒരു മഞ്ഞുകാലത്ത് കടത്തിണ്ണയിൽ അതിരാവിലെ ഒരഞ്ചുവസയുക്കാരൻ തണുത്ത് വിറച്ച് ഇരിക്കുന്നു. അവന്റെ ശരീരം കൊടും തണുപ്പിൽ മരവിച്ചു തുടങ്ങിയിട്ടുണ്ട്. കൊടും തണുപ്പിന്റെ ശീതക്കാറ്റിൽ മരവിച്ചുതുടങ്ങിയ അവന്റെ ശരീത്തിൽ നിന്നുയർന്ന കരച്ചിലും പോലും തണുത്തുറഞ്ഞ് പോയിരിക്കുന്നു. അതിരാവിലെ വിശുദ്ധകുർബ്ബാനയ്ക്ക് ആ വഴിപോയ ഒരു മഹതി ആ കുഞ്ഞിനെ കണ്ടും. ഒറ്റനോട്ടത്തിൽ തന്നെ അവളുടെ മനസലിഞ്ഞു. കുഞ്ഞിനെ ശ്രദ്ധിക്കാൻ, ശുശ്രൂഷിക്കാൻ പോയാൽ കുർബ്ബാന മുടങ്ങും. തിരിച്ച് വരും വരെ ആ കുഞ്ഞ് ജീവിച്ചിരിക്കുമെന്ന് ഒരു ഉറപ്പും ഇല്ലാ. അത്രമാത്രം ദൈന്യത നിറഞ്ഞാണ് ആ കുഞ്ഞ് ഇരിക്കുന്നത്. ഒരു മാത്ര ക്രിസ്തുവിന്റെ മുഖം ആ കുഞ്ഞിന്റെ മുഖത്ത് പ്രശോഭിക്കുന്നതു പോലെ ആ മഹതിക്ക് തോന്നി.

*പ്രാർത്ഥനയിൽ നിന്ന് ജീവിതത്തിലേയ്ക്കും, ജീവിതത്തിൽ നിന്ന് പ്രാർത്ഥനയിലേയ്ക്കുമുള്ള ദൂരത്തിന്റെ പേരാണ് കരുണ!*

*"കരുണയുള്ളവർ ഭാഗ്യവാൻമാർ...."*

അവൾ ആ കുഞ്ഞിനെ താങ്ങിയെടുത്ത്, അടുത്തുള്ള കടയിൽ കൊണ്ട് പോയി നല്ല ചൂടൻ വസ്ത്രങ്ങൾ വാങ്ങിച്ചുകൊടുത്തു. അതിന് ശേഷം, അടുത്തുള്ള ഹോട്ടലിൽ കൊണ്ട് പോയി നല്ല ചൂടൻ സൂപ്പും ഭക്ഷണവും വാങ്ങിച്ചു കൊടുത്തു. ആ കുഞ്ഞിന്റെ സന്തോഷം അതിരറ്റതായിരുന്നു. അതിന് ശേഷം, അവനെ മാറോട് ചേർത്ത് "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ" എന്ന് പറഞ്ഞ് യാത്രയാകുമ്പോൾ, ആ മഹതിയുടെ വസ്ത്രത്തിന്റെ വിളുമ്പിൽ പിടിച്ച് വലിച്ച് കൊണ്ട് ആ കുഞ്ഞ് അമ്മയോടെന്നപ്പോലെ ചോദിക്കുകയാണ്;

"അമ്മയാണോ ദൈവം?"

അതിയായ സ്നേഹത്തോടെ ആ കുഞ്ഞിനെ കെട്ടിപിടിച്ചുകൊണ്ട് ആ മഹതി ചോദിച്ചു,

"അതെന്താ മോൻ അങ്ങനെ ചോദിച്ചേ?"

ആ കുഞ്ഞ് തിരിച്ച് മറുപടി പറയുകയാണ്,

"എന്റെ അമ്മ എനിക്ക് പറഞ്ഞ് തന്നിട്ടുണ്ട്, നമ്മുടെ ആവശ്യങ്ങളിൽ ദൈവം മനുഷ്യരൂപം പൂണ്ട് നമ്മെ സഹായിക്കാൻ കടന്ന് വരുമെന്ന്!"

കർത്താവ് ഓർമ്മപ്പെടുത്തുന്നു, 'ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്."

***"ഈ ജനം അധരങ്ങൾ കൊണ്ടും ഹൃദയങ്ങൾ കൊണ്ടും എന്നെ സ്തുതിക്കുന്നു എന്ന് കർത്താവിനെകൊണ്ട് പറയിക്കാൻ ഇനിയും എത്ര നാൾ എടുക്കും?"***

.............................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931